പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1222

20.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ മന്ത്രി) |
| (എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നടപ്പിലാക്കുവാനായി ഓരോ ജില്ലയിലും എത്ര ഭൂമി വീതമാണ് നീക്കിവച്ചത് ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് വേണ്ടി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ജില്ലകളിൽ നടന്നു വരുകയാണ്. മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി കണ്ടെത്തി നൽകുവാനാണ് ശ്രമിച്ചു വരുന്നത്. ജില്ലകളിൽ ലഭ്യമായിട്ടുള്ള വിവിധയിനം സർക്കാർ ഭൂമികളിൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ മുഴുവൻ ഭൂമിയും കണ്ടെത്തി പദ്ധതിക്ക് ഉപയോഗപ്പെടുത്തുവാനുള്ള നടപടികളാണ് സമയബന്ധിതമായി സ്വീകരിച്ചു വരുന്നത്. |
| (ബി) ഓരോ ജില്ലയിലും എത്ര അപേക്ഷകരാണ് ഉള്ളത്; വിശദമാക്കാമോ; | (ബി) ഓരോ ജില്ലയിലെയും ലഭ്യമായ അപേക്ഷകരുടെ എണ്ണവും, പദ്ധതിയിലെ മാനദണ്ഡങ്ങൾ പ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് താഴെ ചേർക്കുന്നു. |

| ജില്ല | ലഭ്യമായ അപേക്ഷകൾ | അർഹരായി കണ്ടെത്തിയവർ |
|---|---|---|
| തിരുവനന്തപുരം | 47595 | 35851 |
| കൊല്ലം | 29850 | 28591 |
| പത്തനംതിട്ട | 7532 | 6807 |
| ആലപ്പുഴ | 17143 | 14163 |

| | | |
|---|---|---|
| കോട്ടയം | 10742 | 10388 |
| ഇടുക്കി | 10496 | 7970 |
| എറണാകുളം | 43248 | 31379 |
| തൃശ്ശൂർ | 30836 | 26776 |
| പാലക്കാട് | 28524 | 23874 |
| മലപ്പുറം | 25998 | 23962 |
| കോഴിക്കോട് | 9071 | 8304 |
| വയനാട് | 6611 | 4546 |
| കണ്ണൂർ | 12184 | 11099 |
| കാസർഗോഡ് | 12184 | 10218 |
| **ആകെ** | **292014** | **243928** |

(സി) ഏറ്റവുമധികം അപേക്ഷകരുള്ളത് ഏതു ജില്ലയിലാണ്;

(സി) തിരുവനന്തപുരം.

(ഡി) ഏറ്റവുമധികം ഭൂരഹിതരുള്ള ജില്ലയിൽ എത്രപേർക്ക് പദ്ധതി പ്രകാരം സ്വന്തം ജില്ലയിൽ തന്നെ പട്ടയം നൽകിയെന്നു വ്യക്തമാക്കുമോ;

(ഡി) ഏറ്റവും കൂടുതൽ ഭൂരഹിത കുടുംബങ്ങൾ ഉള്ള തിരുവനന്തപുരം ജില്ലയിൽ 3181 പേർക്ക് ഒന്നാംഘട്ടമായി പട്ടയം അനുവദിച്ചിട്ടുണ്ട്.

(ഇ) നാളിതുവരെ ഓരോ ജില്ലയിലും എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ)

| | |
|---|---|
| തിരുവനന്തപുരം | 3181 |
| കൊല്ലം | 683 |
| പത്തനംതിട്ട | 506 |
| ആലപ്പുഴ | 256 |
| കോട്ടയം | 1309 |
| എറണാകുളം | 1449 |
| മലപ്പുറം | 849 |
| കോഴിക്കോട് | 1523 |
| കണ്ണൂർ | 11032 |
| ആകെ | 20788 |

ശേഷിക്കുന്ന ജില്ലകളിൽ പട്ടയങ്ങൾ വിതരണയോഗ്യമായിട്ടുണ്ട്.

| | |
|---|---|
| (എഫ്) ഭൂമിവിതരണം ചെയ്യുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എഫ്) മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമിവിതരണം ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ വിവിധ ഘട്ടങ്ങളായി നടത്തുന്ന പട്ടയ വിതരണത്തിൽ താഴെ വിവരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താക്കൾക്ക് മുൻഗണന നൽകിയിട്ടുണ്ട്.<br><br>1. ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തളർവാതം തുടങ്ങിയ മാരകരോഗങ്ങൾ കൊണ്ട് അവശത അനുഭവിക്കുന്ന കുടുംബാംഗങ്ങളുള്ള ഗുണഭോക്താക്കൾ.<br>2. ജോലിചെയ്ത് നിത്യവൃത്തിക്ക് പോലും പണം കണ്ടെത്താൻ കഴിയാത്ത അഗതികളായ ഗുണഭോക്താക്കൾ.<br>3. 50% ത്തിലേറെ അംഗവൈകല്യമുള്ള ഗുണഭോക്താക്കൾ.<br>4. വിധവകൾ, വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകൾ തുടങ്ങിയ ഗുണഭോക്താക്കൾ<br>5. പതിവ് അനുവദനീയമല്ലാത്ത സർക്കാർ പുറമ്പോക്കുകളിൽ (റോഡ്, തോട്, കുളം) കുടിൽകെട്ടി താമസിച്ചുവരുന്ന ഗുണഭോക്താക്കൾ.<br><br>ഓരോ ഘട്ട പട്ടയ വിതരണത്തിലും ഓരോ വില്ലേജിൽ നിന്നും പരിഗണിക്കപ്പെടുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണത്തിൽ നിന്ന് മേൽപ്പറഞ്ഞ മുൻഗണനാ ക്രമത്തിൽ ഉൾപ്പെട്ടു വരുന്ന അഞ്ച് വിഭാഗക്കാരെ തെരഞ്ഞെടുത്ത ശേഷം അവരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ |

ത്തിൽപ്പെട്ടവർ 25%- ൽ താഴെയാണെങ്കിൽ, ഓരോ വില്ലേജും ഒരു യൂണിറ്റായെടുത്ത് പരമാവധി 25% തികയ്ക്കാൻ ആവശ്യമായ പട്ടികജാതി/വർഗ്ഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ ബാക്കിയുള്ളവരിൽ നിന്ന് പ്രത്യേകമായി തെരഞ്ഞെടുക്കുന്നതുമാണ്.

(ജി) അപേക്ഷകരുടെ സീനിയോറിറ്റി അനുസരിച്ചാണോ ഭൂമി വിതരണത്തിനുള്ളവരെ കണ്ടെത്തുന്നത്;

(ജി) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സി-ഡിറ്റ് തയ്യാറാക്കിയ സോഫ്റ്റ്‌വെയർ മുഖാന്തിരം വില്ലേജ് തലത്തിൽ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്താക്കളുടെ റാങ്ക് ലിസ്റ്റിലെ ക്രമം അനുസരിച്ചാണ് ഭൂമി വിതരണം ചെയ്ത് വരുന്നത്.

(എച്ച്) അപേക്ഷകരുടെ സീനിയോറിറ്റിയും മുൻഗണനാ മാനദണ്ഡങ്ങളും മറികടന്ന് എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(ഐ) ഇങ്ങനെ ഭൂമി വിതരണം ചെയ്യുന്നതിനുള്ള ന്യായീകരണം എന്താണ്?

(എച്ച്) & (ഐ)

ഗുണഭോക്താക്കളുടെ വില്ലേജ്തല റാങ്ക് ലിസ്റ്റിലെ ക്രമമനുസരിച്ച് മാത്രമാണ് ഭൂമി വിതരണം ചെയ്യുന്നത്.

e. k. v. Kumar

സെക്ഷൻ ഓഫീസർ